പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 214 | 28.06.2016 ൽ മറുപടി നല്കേണ്ടത്. |
|---|---|

## പഴവർഗ്ഗങ്ങളിൽ ഉപയോഗിക്കുന്ന രാസവസ്തുക്കൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പാറക്കൽ അബ്ദുള്ള** | | ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | മാങ്ങ, ഓറഞ്ച്, മുന്തിരി, തണ്ണിമത്തൻ, വാഴപ്പഴം തുടങ്ങിയ പഴവർഗ്ഗങ്ങളും മറ്റും പഴുപ്പിക്കാനും അവയ്ക്ക് നിറം ലഭിക്കാനും മാരകമായ രാസവസ്തുക്കൾ ഉപയോഗിക്കുന്നതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | മാങ്ങ പഴുപ്പിക്കാൻ കാൽസ്യം കാർബൈഡ് പോലുള്ള രാസവസ്തുക്കൾ ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഓറഞ്ച്, മുന്തിരി, തണ്ണിമത്തൻ, വാഴപ്പഴം തുടങ്ങിയ പഴവർഗ്ഗങ്ങളും മറ്റും പഴുപ്പിക്കാനും അവയ്ക്ക് നിറം ലഭിക്കാനും മാരകമായ രാസവസ്തുക്കൾ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) | എങ്കിൽ ഏതൊക്കെ രാസവസ്തുക്കളാണ് പ്രധാനമായും ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്; വിശദമാക്കുമോ; | ബി) | മാങ്ങ പഴുപ്പിക്കാൻ കാൽസ്യം കാർബൈഡ് പോലുള്ള രാസവസ്തുക്കൾ ഉപയോഗിക്കുന്നു. |
| സി) | അർബുദം പോലെയുള്ള മാരകരോഗങ്ങൾക്ക് ഇത്തരം രാസവസ്തുക്കൾ കാരണമാകുമോ; | സി) | ഇക്കാര്യത്തിൽ വിശദമായ പഠനം നടത്തേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നു. |
| ഡി) | എങ്കിൽ ഇത്തരം പ്രവർത്തികൾ തടയുന്നതിനായി എന്തൊക്കെ നടപടികളാണ് ഇതിനകം കൈക്കൊണ്ടിട്ടുള്ളതെന്നും എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്നുമുള്ളതിന്റെ വിശദാംശം നൽകുമോ? | ഡി) | സ്ക്വാഡുകൾ രൂപീകരിച്ച് ഇൻസ്പെക്ഷൻ നടത്തി സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ പരിശോധന നടത്തി കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ